കൃഷിഫാമുകളുടെ പ്രവർത്തനം

59 (4098) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൃഷിഫാമുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ മിക്ക കൃഷിഫാമുകളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) മലപ്പുറം ജില്ലാ കൃഷിഫാം സ്വകാര്യ വ്യക്തികൾക്ക് കൈമാറുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഇവിടെ ആകെ എത്ര ജീവനക്കാരാണ് പണിയെടുക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(എഫ്) മലപ്പുറം ജില്ലാ കൃഷിഫാമിന്റെ പ്രവർത്തനത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ജി) ഫാമിനെ പൊതുമേഖലയിൽ നിലനിർത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സംസ്ഥാനത്തെ മിക്ക ഫാമുകളും ആദായകരമായല്ല പ്രവർത്തിക്കുന്നത്. നടീൽവസ്തുക്കൾ യഥാർത്ഥ ഉല്പാദന ചെലവിൽ തന്നെ കർഷകർക്ക് നൽകിയാൽ മാത്രമേ ഫാമുകൾ ലാഭത്തിൽ ആവുകയുള്ളൂ. ഗുണമേന്മയുള്ള നടീൽവസ്തുക്കൾ ഉല്പാദന ചെലവിനേക്കാൾ കുറഞ്ഞ നിരക്കിൽ കർഷകർക്ക് നൽകുന്നതിനാൽ ചെലവും വിറ്റുവരവും തമ്മിൽ ഉണ്ടാകുന്ന അന്തരം ഫാമുകൾ ആദായകരമല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്നതിന് കാരണമാകുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) മലപ്പുറം ജില്ലാ കൃഷിഫാമിൽ ആകെ 76 ജീവനക്കാരാണുള്ളത്.

(എഫ്) ചുറ്റുമതിൽ മുഴുവനായി ഇല്ലാത്തതിനാൽ വന്യമൃഗങ്ങളുടെ ശല്യം ഉണ്ടാകുന്നുണ്ട്. സാമ്പത്തിക നിയന്ത്രണം, തൊഴിലാളികളുടെ ലഭ്യതകുറവ്, പ്രായാധിക്യമുള്ള സ്ഥിരം തൊഴിലാളികൾ, യന്ത്രവൽക്കരണത്തിന്റെ അഭാവം എന്നിവ ഫാമിന്റെ പ്രവർത്തനത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങളാണ്.

(ജി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഹരിതസംഘങ്ങളുടെ പ്രവർത്തനം

60 (4099) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനവുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് നടപ്പിലാക്കിയ ഹരിത സംഘങ്ങളുടെ പ്രവർത്തനം ഇപ്പോൾ നടക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് 2001-2002, 2002-2003 വർഷങ്ങളിൽ എത്ര ഹരിത സംഘങ്ങൾ പ്രവർത്തിച്ചിരുന്നു എന്ന് വ്യക്തമാക്കാമോ ; ഈ സംഘങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് നൽകിയ സാമ്പത്തിക സഹായം ഓരോ വർഷവും എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ രണ്ടു വർഷങ്ങളിലും ഹരിത സംഘങ്ങൾ വഴി ഓരോ ജില്ലയിലും സംഭരിച്ച പച്ചക്കറി എത്ര ടൺ വീതമായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ഡി) 1996 മുതൽ 2001 വരെയുള്ള അഞ്ചു വർഷങ്ങളിൽ ഹരിത സംഘങ്ങൾ വഴി സംഭരിച്ച പച്ചക്കറി എത്ര ടൺ വീതമായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ഇ) 1996 മുതൽ 2001 വരെയുള്ള കാലയളവിൽ ഹരിത സംഘങ്ങൾക്ക് പച്ചക്കറി ഉൽപ്പാദനത്തിന് സഹായമായ എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(എഫ്) വിഷാംശം കലർന്ന പഴങ്ങളും പച്ചക്കറികളും നമ്മുടെ മാർക്കറ്റിൽ വിറ്റഴിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് തടയുന്നതിനും വിഷാംശം കലരാത്ത പഴങ്ങളും പച്ചക്കറികളും ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനവുമായി ബന്ധപ്പെട്ട് ഹരിത സംഘങ്ങളുടെ പ്രവർത്തനം കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ നടക്കുന്നുണ്ട്. മറ്റു ജില്ലകളിൽ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന്റെ പ്രവർത്തന പരിധിയിലാണ്.

(ബി) സംസ്ഥാന പദ്ധതിയും കേന്ദ്രാവിഷ്കൃത പദ്ധതിയും ഉൾപ്പെടെ 2001-2002, വർഷത്തിൽ 862 ഹരിത സംഘങ്ങളും 2002-2003 വർഷത്തിൽ 749 ഹരിത സംഘങ്ങളും പ്രവർത്തിച്ചിരുന്നു. 2001-2002 വർഷത്തിൽ 700 ലക്ഷം രൂപയും, 2002-2003 വർഷത്തിൽ 235.43 ലക്ഷം രൂപയും ഹരിത സംഘങ്ങളിലുടെയുള്ള കൃഷിക്ക് ധനസഹായം നൽകുകയുണ്ടായി.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) 1996-ൽ ഹരിതസംഘം നിലവിലില്ല. 1997-1998-ൽ സ്റ്റേറ്റ് സെക്ടർ വഴി 170 ലക്ഷം രൂപയും പഞ്ചായത്ത് സെക്ടർ വഴി 140 ലക്ഷം രൂപയും ഹരിത സംഘങ്ങൾക്ക് നൽകുകയുണ്ടായി. 1998-99 വർഷത്തിൽ സ്റ്റേറ്റ് സെക്ടർ വഴി 217.228 ലക്ഷം രൂപയും പഞ്ചായത്ത് സെക്ടറിൽ 291.5 ലക്ഷം രൂപയും നൽകുകയുണ്ടായി. 1999-2000-ത്തിൽ 519.5 ലക്ഷം രൂപയും 2000-2001-ൽ 711 ലക്ഷം രൂപയും 2001-2002-ൽ 700 ലക്ഷം രൂപയും ഹരിത സംഘം വഴിയുള്ള പച്ചക്കറി കൃഷിക്ക് നൽകുകയുണ്ടായി.

(എഫ്) ഉണ്ട്. പ്രിവൻഷൻ ഓഫ് ഫുഡ് അഡൽറ്ററേഷൻ ആക്ട് (പി. എഫ്. എ. ആക്ട്) പ്രകാരം സംസ്ഥാന ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ കീടനാശിനി പ്രയോഗം പരമാവധി ഉപേക്ഷിച്ചു കൊണ്ട് പച്ചക്കറിയിൽ ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനാണ് കൃഷി വകുപ്പ് മുൻഗണന നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly